ഉത്തരം

22 ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ പാലക്കാട് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്.

(iii) വൈകിക്കിട്ടിയ ഉത്തരങ്ങൾ

താരിഫ് റഗുലേറ്ററി കമ്മീഷന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ

98 (3898) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വൈദ്യുതി നിരക്ക് പരീക്ഷണത്തിനുശേഷം ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) താരിഫ് റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനപരിധിയിൽ പ്രധാനമായും വരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2002 ഒക്ടോബറിൽ നിലവിൽ വന്ന താരിഫ് പരിഷ്ക്കരണംമൂലം 31-3-2003 വരെ ഏകദേശം 225 കോടി രൂപ അധിക വരുമാനമായി ലഭിച്ചു.

(ബി) താരിഫ് റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തന പരിധിയിൽ പ്രധാനമായും വരുന്ന കാര്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വൈദ്യുതി ബോർഡിന് ഇപ്പോഴത്തെ റവന്യൂ വരവും റവന്യൂ ചെലവും

99 (3899) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഉത്തരം

2002-03-ലെ പ്രാരംഭ കണക്കുകൾ പ്രകാരം മൊത്തം റവന്യൂ വരവ് 2646 കോടി രൂപയും റവന്യൂ ചെലവ് 3465 കോടി രൂപയുമാണ്. വൈദ്യുതി വാങ്ങിയ ഇനത്തിലും പലിശ ഇനത്തിലുമാണ് കൂടുതൽ തുക ചെലവായത്. ഒരു യൂണിറ്റ് വൈദ്യുതിക്ക് ചെലവാകുന്ന തുകയേക്കാൾ കുറവാണ് ഉപഭോക്താവിൽ നിന്നും ലഭിക്കുന്ന ശരാശരി വില. അതുകൊണ്ടാണ് റവന്യൂ ചെലവ് റവന്യൂ വരവിനേക്കാൾ കൂടുതലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly